**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1920** **20-06-2024 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ മണ്ഡലത്തിലെ പെരുംകുളം അക്വാട്ടിക് അക്കാഡമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ (ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | 2020-21 ബഡ്ജറ്റിൽ ഉൾപ്പെട്ട ആലത്തൂർ മണ്ഡലത്തിലെ പെരുംകുളം അക്വാട്ടിക് അക്കാഡമിയുടെ നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | 2020-21 ബഡ്ജറ്റിൽ ഉൾപ്പെട്ട ആലത്തൂർ നിയോജക മണ്ഡലത്തിലെ പെരുംകുളം അക്വാട്ടിക് അക്കാഡമിയുടെ നിർമ്മാണത്തിനായി 20.06.2022 സ.ഉ. (സാധാ) നം.157/2022/ കാ.യു.വ. പ്രകാരം രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 1.88 കോടി രൂപക്ക് 14.03.2023 ൽ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്കായി 31.03.2023, 12.04.2023 എന്നീ തീയതികളിൽ ടെണ്ടർ ക്ഷണിക്കുകയും പ്രസ്തുത ടെണ്ടറിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ കരാറുകാരനുമായി 30.06.2023ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. 10.07.2023-ൽ കരാറുകാരന് സൈറ്റ് കൈമാറി നൽകിയിരുന്നു. ടി പ്രവൃത്തിയുടെ ആരംഭത്തിനായി കരാറുകാരനും സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥരും സംയുക്തമായി 14.08.2023-ൽ പ്രസ്തുത സൈറ്റിൽ എത്തുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കരാർ പ്രകാരം കുളത്തിന്റെ വിസ്തൃതി കുറയ്ക്കുന്ന ഘടകം ഉൾപ്പെടുത്തിയിരുന്നുവെങ്കിലും അന്നേ ദിവസം പ്രദേശവാസികളുമായുള്ള ചർച്ചയിൽ പ്രസ്തുത കുളത്തിന്റെ അളവിൽ കുറവ് വരുത്തരുതെന്ന് അവർ ആവശ്യപ്പെട്ടിരുന്നു. ഇതിനെ തുടർന്ന് ബഹു. എം.എൽ.എ. 08.09.2023 ൽ വിളിച്ച് ചേർത്ത യോഗത്തിൽ കുളത്തിന്റെ വിസ്തൃതി കുറയ്ക്കുന്ന തീരുമാനവുമായി മുന്നോട്ട് പോകാമെന്ന് തീരുമാനിച്ചിരുന്നു.<br><br>എന്നാൽ ഇതിനു ശേഷം പാലക്കാട് ജില്ലയിലുണ്ടായ മഴയിൽ കുളം നിറഞ്ഞ് കവിയുകയും പ്രവൃത്തി ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുകയും ചെയ്തു. തുടർന്ന് 16.10.2023-ൽ |

| | | | |
|---|---|---|---|
| | | | സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും കുളത്തിന്റെ, മഴയ്ക്ക് ശേഷമുള്ള ആഴം നിർണ്ണയിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തു. 04.11.2023 ൽ ആഴം കണക്കാക്കുന്നതിനായി നടത്തിയ സർവ്വേ പ്രകാരം കുളത്തിൻറെ സൈഡ് ഫില്ല് ചെയ്യുന്നതിനുള്ള അളവ് കൂടുകയും, കുളത്തിലെ വെള്ളം ഒഴുക്കി കളയുന്നതിനുള്ള സ്ഥലം ലഭ്യമല്ലാതെ വരുകയും ചെയ്തു.<br><br>23.01.2024-ൽ ബഹു. എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കുളത്തിന്റെ വിസ്തൃതിയിൽ വ്യത്യാസം വരുത്തരുതെന്ന് തീരുമാനിച്ചു. എന്നാൽ 2024 മാർച്ച് മാസം വരെയുള്ള മഴ കാരണം കുളത്തിലെ ജലത്തിന്റെ അളവ് ക്രമാതീതമായി വർദ്ധിച്ചിരുന്നതിനാൽ കരാറുകാരന് പ്രവൃത്തി ചെയ്യുവാൻ സാധിച്ചിരുന്നില്ല. പ്രസ്തുത കുളത്തിൻറെ പ്രവൃത്തി ചെയ്യുവാൻ ഏറ്റവും അനുയോജ്യമായത് മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളാണ്. മഴക്കാലങ്ങളിൽ കുളത്തിൻറെ പരമാവധി ആഴം 3.5 മീറ്ററും എന്നാൽ വേനൽക്കാലത്ത് കുളത്തിൻറെ ആഴം 1 മീറ്ററിൽ താഴെയുമാണ്. പ്രസ്തുത വ്യത്യാസം കാരണം ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയിൽ വ്യത്യാസം വരുകയും ചെയ്യും.<br><br>സ്വാഭാവികമായി ഒരു കുളത്തിന്റെ വശങ്ങൾ സംരക്ഷിക്കുന്ന പ്രവൃത്തിക്ക് ഈ ഘടകങ്ങൾ വലിയരീതിയിൽ ബാധിക്കുന്നില്ലെങ്കിലും, സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ടുള്ള ഒരു നീന്തൽ പരിശീലനത്തിനായുള്ള കുളം നിർമ്മിക്കുന്ന പ്രവൃത്തിയെ ഈ ഘടകങ്ങൾ സാരമായി ബാധിക്കുകയും ആയത് പ്രവൃത്തിയുടെ പുരോഗതിയെ ബാധിക്കുകയും ചെയ്തു. കൂടാതെ 2024 മാർച്ച് മാസം 10-ാം തീയതി കരാറുകാരന്റെ കാലാവധി അവസാനിക്കുകയും കരാറുകാരൻ ടി പ്രവൃത്തിയിൽ നിന്നും തന്നെ വിടുതൽ ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ വീണ്ടും ബഹു. എം.എൽ.എ.-യുമായി കൂടി ആലോചിച്ച് തുടർ പ്രവർത്തനങ്ങൾ തീരുമാനിക്കുന്നതാണ്. |
| (ബി) | നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ? | (ബി) | 2020-21 ബഡ്ജറ്റിൽ ഉൾപ്പെട്ട ആലത്തൂർ നിയോജക മണ്ഡലത്തിലെ പെരുംകുളം അക്വാട്ടിക് അക്കാഡമിയുടെ നിർമ്മാണത്തിനായി 20.06.2022 സ.ഉ. (സാധാ) നം.157/2022/ കാ.യു.വ. പ്രകാരം രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. |

ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 1.88 കോടി രൂപക്ക് 14.03.2023 ൽ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്കായി 31.03.2023, 12.04.2023 എന്നീ തീയതികളിൽ ടെണ്ടർ ക്ഷണിക്കുകയും പ്രസ്തുത ടെണ്ടറിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ കരാറുകാരനുമായി 30.06.2023ൽ കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. 10.07.2023-ൽ കരാറുകാരന് സൈറ്റ് കൈമാറി നൽകിയിരുന്നു. ടി പ്രവൃത്തിയുടെ ആരംഭത്തിനായി കരാറുകാരനും സ്പോർട്സ് കേരള ഫൗണ്ടേഷൻ ഉദ്യോഗസ്ഥരും സംയുക്തമായി 14.08.2023-ൽ പ്രസ്തുത സൈറ്റിൽ എത്തുകയും പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. പ്രസ്തുത കരാർ പ്രകാരം കുളത്തിന്റെ വിസ്തൃതി കുറയ്ക്കുന്ന ഘടകം ഉൾപ്പെടുത്തിയിരുന്നുവെങ്കിലും അന്നേ ദിവസം പ്രദേശവാസികളുമായുള്ള ചർച്ചയിൽ പ്രസ്തുത കുളത്തിന്റെ അളവിൽ കുറവ് വരുത്തരുതെന്ന് അവർ ആവശ്യപ്പെട്ടിരുന്നു. ഇതിനെ തുടർന്ന് ബഹു. എം.എൽ.എ. 08.09.2023 ൽ വിളിച്ച് ചേർത്ത യോഗത്തിൽ കുളത്തിന്റെ വിസ്തൃതി കുറയ്ക്കുന്ന തീരുമാനവുമായി മുന്നോട്ട് പോകാമെന്ന് തീരുമാനിച്ചിരുന്നു.

എന്നാൽ ഇതിനു ശേഷം പാലക്കാട് ജില്ലയിലുണ്ടായ മഴയിൽ കുളം നിറഞ്ഞ് കവിയുകയും പ്രവൃത്തി ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുകയും ചെയ്തു. തുടർന്ന് 16.10.2023-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും കുളത്തിന്റെ, മഴയ്ക്കു ശേഷമുള്ള ആഴം നിർണ്ണയിക്കുവാൻ നിർദ്ദേശം നൽകുകയും ചെയ്തു. 04.11.2023 ൽ ആഴം കണക്കാക്കുന്നതിനായി നടത്തിയ സർവ്വേ പ്രകാരം കുളത്തിൻറെ സൈഡ് ഫില്ല് ചെയ്യുന്നതിനുള്ള അളവ് കൂടുകയും, കുളത്തിലെ വെള്ളം ഒഴുക്കി കളയുന്നതിനുള്ള സ്ഥലം ലഭ്യമല്ലാതെ വരുകയും ചെയ്തു.

23.01.2024-ൽ ബഹു. എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കുളത്തിന്റെ വിസ്തൃതിയിൽ വ്യത്യാസം വരുത്തരുതെന്ന് തീരുമാനിച്ചു. എന്നാൽ 2024 മാർച്ച് മാസം വരെയുള്ള മഴ കാരണം കുളത്തിലെ ജലത്തിന്റെ അളവ് ക്രമാതീതമായി വർദ്ധിച്ചിരുന്നതിനാൽ കരാറുകാരന് പ്രവൃത്തി ചെയ്യുവാൻ സാധിച്ചിരുന്നില്ല. പ്രസ്തുത കുളത്തിൻറെ പ്രവൃത്തി ചെയ്യുവാൻ ഏറ്റവും അനുയോജ്യമായത് മാർച്ച്, ഏപ്രിൽ, മേയ്

| | | | |
|---|---|---|---|
| | | | മാസങ്ങളാണ്. മഴക്കാലങ്ങളിൽ കുളത്തിൻറെ പരമാവധി ആഴം 3.5 മീറ്ററും എന്നാൽ വേനൽക്കാലത്ത് കുളത്തിൻറെ ആഴം 1 മീറ്ററിൽ താഴെയുമാണ്. പ്രസ്തുത വ്യത്യാസം കാരണം ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയിൽ വ്യത്യാസം വരുകയും ചെയ്യും.<br><br>സ്വാഭാവികമായി ഒരു കുളത്തിന്റെ വശങ്ങൾ സംരക്ഷിക്കുന്ന പ്രവൃത്തിക്ക് ഈ ഘടകങ്ങൾ വലിയരീതിയിൽ ബാധിക്കുന്നില്ലെങ്കിലും, സുരക്ഷിതത്വം ഉറപ്പാക്കിക്കൊണ്ടുള്ള ഒരു നീന്തൽ പരിശീലനത്തിനായുള്ള കുളം നിർമ്മിക്കുന്ന പ്രവൃത്തിയെ ഈ ഘടകങ്ങൾ സാരമായി ബാധിക്കുകയും ആയത് പ്രവൃത്തിയുടെ പുരോഗതിയെ ബാധിക്കുകയും ചെയ്തു. കൂടാതെ 2024 മാർച്ച് മാസം 10-ാം തീയ്യതി കരാറുകാരന്റെ കാലാവധി അവസാനിക്കുകയും കരാറുകാരൻ ടി പ്രവൃത്തിയിൽ നിന്നും തന്നെ വിട്ടുതൽ ചെയ്യണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ വീണ്ടും ബഹു. എം.എൽ.എ.-യുമായി കൂടി ആലോചിച്ച് തുടർ പ്രവർത്തനങ്ങൾ തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ